ടി.കെ ഉബൈദ്



ഖുർആൻ ബോധനം

1087

# സൂറ – 36 / യാസീൻ

## സൂക്തം: 28 – 35

യഥാർഥ ദീനീ പ്രബോധകർ അവരുടെ ശത്രുക്കളെപ്പോലും വെറുക്കുന്നില്ല. പ്രബോധകരുടെ വെറുപ്പ് പ്രബോധിതരുടെ അനാചാരങ്ങളോടും ദുഷ്ടതകളോടും മാത്രമാണ്. പ്രബോധിതരോട് അവർക്ക് എപ്പോഴും സ്നേഹവും കാരുണ്യവുമാണുണ്ടാവുക. അവർ അധർമത്തിലാണ്ട് നരകത്തിൽ പതിക്കുന്നതിൽ ദുഃഖിക്കുകയും ഖേദിക്കുകയും ചെയ്യും.

وَمَآ أَنزَلْنَا عَلَىٰ قَوْمِهِۦ مِنۢ بَعْدِهِۦ مِن جُندٍ مِّنَ ٱلسَّمَآءِ وَمَا كُنَّا مُنزِلِينَ ﴿٢٨﴾

28. അദ്ദേഹത്തിനു ശേഷം അദ്ദേഹത്തിന്റെ ജനത്തിനെതിരെ വാനലോകത്തുനിന്ന് ഒരു സൈന്യത്തെയും നാം ഇറക്കിയിട്ടില്ല. സൈന്യത്തെ ഇറക്കേണ്ട കാര്യവുമുണ്ടായിരുന്നില്ല

إِن كَانَتْ إِلَّا صَيْحَةً وَٰحِدَةً فَإِذَا هُمْ خَـٰمِدُونَ ﴿٢٩﴾

29. ഒരു ഘോര ഗർജനം മാത്രം. തൽക്ഷണം അവരൊക്കെയും കെട്ടടങ്ങിപ്പോയി.

**28,29**

وَمَا أَنزَلْنَا= നാം ഇറക്കിയിട്ടില്ല عَلَىٰ قَوْمِهِ= അദ്ദേഹത്തിന്റെ ജനത്തിനെതിരെ
مِن بَعْدِهِ= അദ്ദേഹത്തിനു ശേഷം مِن جُندٍ = യാതൊരു സൈന്യത്തെയും مِّنَ السَّمَاءِ = വാനലോകത്തുനിന്ന്
وَمَا كُنَّا مُنزِلِينَ = നാം ഇറക്കുന്നവരായിട്ടുമില്ല (നമുക്ക് സൈന്യത്തെ ഇറക്കേണ്ട കാര്യവുമുണ്ടായിരുന്നില്ല)
إِن كَانَتْ إِلَّا صَيْحَةً وَاحِدَةً= അത് ഒരു ശബ്ദമല്ലാതെയായിരുന്നില്ല (ഒരു ഘോരശബ്ദം മാത്രം)
فَإِذَا هُمْ= അപ്പോഴതാ അവർ (തൽക്ഷണം അവർ) خَامِدُونَ= കെട്ടടങ്ങിയവരാകുന്നു (കെട്ടടങ്ങിപ്പോയി)

مِن بَعْدِهِ -അദ്ദേഹത്തിനു ശേഷം- എന്നതിന്റെ താൽപര്യം നേരത്തേ പരാമർശിക്കപ്പെട്ട സത്യവിശ്വാസി വധിക്കപ്പെട്ട ശേഷം എന്നാണ്. ഈ സൂക്തത്തിൽ مِن എന്ന ശബ്ദം മൂന്നു വട്ടം ആവർത്തിച്ചിരിക്കുന്നു. മൂന്നും മൂന്ന് അർഥത്തിലാണ്. ആദ്യത്തെ 'മിൻ' بَعْدِهِ എന്ന വാക്കിന്റെ അർഥത്തെ ഊന്നുന്നതിനു വേണ്ടി ചേർത്ത അധിക (زائدة) ശബ്ദമാണ്. രണ്ടാമത്തേതിൽ തുടർന്നുവരുന്ന പദത്തിന്റെ അർഥത്തെ പൂർണമായി ഉൾക്കൊള്ളുന്നതിനു വേണ്ടിയുള്ളതാണ്. യാതൊരു സൈന്യവും, സൈന്യത്തിന്റെ ഒരു വിഭാഗവും എന്ന് അർഥം. വചന താൽപര്യം ഇതാണ്: ഈ നാട്ടുകാർ വളരെ പ്രബലരും തങ്ങളുടെ കഴിവുകളിൽ ഊറ്റം കൊള്ളുന്നവരുമായിരു

ന്നു. പ്രവാചകന്മാർക്കു നേരെ ഉയർത്തിയ ഭീഷണിയിൽ തന്നെ അവരുടെ ശൗര്യവും ആവേശവും പ്രകടമാണ്. ആ പ്രവാചകന്മാർക്ക് എന്തു സംഭവിച്ചു എന്ന് ഖുർആൻ വ്യക്തമാക്കിയിട്ടില്ല. പക്ഷേ, പിന്തുണച്ച വിശ്വാസിയെ വധിച്ചു. അതോടെ അല്ലാഹുവിന്റെ നടപടിക്രമം-സുന്നത്ത്- പ്രകാരം അവരുടെ വിനാശം അനിവാര്യമായിത്തീർന്നു. ശക്തരും ശൂരപരാക്രമികളുമായ അവരെ നശിപ്പിക്കാൻ അല്ലാഹുവിന് യാതൊരു സൈന്യത്തെയും നിയോഗിക്കേണ്ട കാര്യമില്ലായിരുന്നു. മലക്കുകളുടെയോ ജിന്നുകളുടെയോ സൈന്യത്തെ അയച്ച് സൃഷ്ടികളോട് യുദ്ധം ചെയ്യുക അവന്റെ രീതിയുമല്ല. യുദ്ധത്തിലൂടെ പാഠം പഠിപ്പിക്കേണ്ടവർക്കു നേരെ ശത്രുക്കളുടെ രൂപത്തിലുള്ള മനുഷ്യപ്പടയെ തന്നെയാണ് അയക്കുക. 2:153, 22:40 സൂക്തങ്ങളിൽ അത് സൂചിപ്പിക്കുന്നുണ്ട്. സമ്പൂർണമായി നശിപ്പിക്കപ്പെടേണ്ടവരാണെങ്കിൽ ഘോര ഗർജനം, സ്ഫോടനം, ഭൂകമ്പം, കൊടുങ്കാറ്റ്, പ്രളയം തുടങ്ങിയ ആകസ്മിക അത്യാഹിതങ്ങളാൽ പെട്ടെന്നു നശിപ്പിക്കപ്പെടുന്നു.

പരാമൃഷ്ട നാട്ടിലുണ്ടായത് ഒരു മഹാ ശബ്ദമായിരുന്നു. അതുണ്ടാവേണ്ട താമസം, അവരുടെ വീര്യവും ശൗര്യവും മാത്രമല്ല ജീവനും പറന്നുപോയി. അവരെല്ലാം തീയണഞ്ഞ ചാരം പോലെ, അല്ലെങ്കിൽ ചവിട്ടിമെതിച്ച വൈക്കോൽ പോലെ ആയിത്തീർന്നു. തീ കെട്ടുപോവുക, പൊലിഞ്ഞുപോവുക, കത്തിച്ചാമ്പലാവുക, മരിച്ചൊടുങ്ങുക തുടങ്ങിയ അർഥങ്ങളുള്ള خمود-ൽനിന്നുള്ള ബഹുവചന കർതൃപദമാണ് خَامِدُونَ. അവരെയൊക്കെയും മരിച്ചൊടുങ്ങി എന്നും കത്തിച്ചാരമായി എന്നും അർഥമാവാം. ●

---

يَـٰحَسْرَةً عَلَى ٱلْعِبَادِ ۚ مَا يَأْتِيهِم مِّن رَّسُولٍ إِلَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿٣٠﴾

30. ഈ അടിമകളുടെ അവസ്ഥ ഹാ, എത്ര ശോചനീയം! ഏതു ദൈവദൂതൻ ചെല്ലുമ്പോഴും അവർ പരിഹസിച്ചുതള്ളുക തന്നെ ചെയ്യുന്നു.

**30**

يَا حَسْرَةً عَلَى الْعِبَادِ = ഈ അടിമകളുടെ (അവസ്ഥ) മേൽ ഹാ, (എത്ര) ശോചനീയം

مَا يَأْتِيهِم = അവരിൽ ചെല്ലുന്നില്ല (ചെല്ലുമ്പോഴും) مِّن رَّسُولٍ = ഒരു ദൈവദൂതനും (ഏതു ദൈവദൂതൻ)

إِلَّا كَانُوا = അവർ ആയിട്ടല്ലാതെ (തന്നെ ചെയ്യുന്നു)

بِهِ يَسْتَهْزِئُونَ = അദ്ദേഹത്തെ പരിഹസിക്കുന്നവർ (പരിഹസിച്ചുതള്ളുക)

മൗലികമായി വിളിക്കാനും ശ്രദ്ധ ക്ഷണിക്കാനുമുള്ള ശബ്ദമാണ് يَا. നമ്മുടെ ഭാഷയിൽ ഓ, ഹേ, അല്ലയോ എന്നൊക്കെ പറയുന്നതുപോലെ. ചിലപ്പോൾ ഹാ, ഹോ എന്നിവ പോലെ അത്ഭുതസൂചകമായും ദുഃഖസൂചകമായും ഉപയോഗിക്കും. ഇവിടെ ദുഃഖസൂചകമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. അനാവരണം ചെയ്തതിനും തുറന്നുകാട്ടിയതിനും حَسَرَ എന്നു പറയും. ഖേദിച്ചതിനും സങ്കടപ്പെട്ടതിനും حَسِرَ എന്നും. രണ്ടിന്റെയും മൂലം حَسْرٌ ആണ്. അഹോ കഷ്ടം, വളരെ ഖേദകരം എന്ന അർഥത്തിൽ يَا حَسْرَةً എന്നും يا لَلْحَسْرة എന്നും പറയും. عباد അടിമകളാണ്. عبد ആണ് ഏകവചനം. عبيد എന്നും ബഹുവചനമുണ്ട്. സന്മാർഗദർശകരായ ദൈവദൂതന്മാരെ തള്ളിപ്പറഞ്ഞ് അസത്യത്തിലും ദുർമാർഗത്തിലും ശഠിച്ചുനിൽക്കുക വഴി സർവനാശം ക്ഷണിച്ചുവരുത്തുന്ന മനുഷ്യരെയാണ് ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത്. അവരുടെ ദുരവസ്ഥയിലുള്ള അനുശോചനപ്രകടനമാണീ സൂക്തം. താൽപര്യമിതാണ്: ഈ മനുഷ്യരുടെ കാര്യം ഹാ കഷ്ടം! അവരെ സംസ്കരിക്കാനും രക്ഷാമാർഗത്തിലേക്ക് നയിക്കാനും ദൈവദൂതന്മാർ ചെല്ലുമ്പോഴൊക്കെ അവരാ ദൈവദൂതന്മാരെ കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നതിനു പകരം പരിഹസിച്ചു തള്ളുക മാത്രമാണ് ചെയ്യുന്നത്. ഇതിലുപരി ദൗർഭാഗ്യമെന്താണ് മനുഷ്യനു സംഭവിക്കാനുള്ളത്! മുന്നിലും പിന്നിലുമുള്ള വചനവുമായി ചേർത്തു വായിക്കുമ്പോൾ ഈ വചനത്തിന്റെ വക്താവ് അല്ലാഹുവാണെന്നാണ് മനസ്സിലാകുന്നത്. ചില പണ്ഡിതന്മാർ നാട്ടുകാർ വധിച്ച വിശ്വാസിയുടെ വാക്കായിട്ടും ഇതിനെ വിലയിരുത്തിയിരിക്കുന്നു. അതനുസരിച്ച് 27-ാം സൂക്തത്തിന്റെ തുടർച്ചയാണിത്. തന്നെ കൊലപ്പെടുത്തുന്ന ദുഷ്ടന്മാരെ ചൊല്ലി അദ്ദേഹം പരിതപിക്കുകയാണ്. യഥാർഥ ദീനീ പ്രബോധകർ അവരുടെ ശത്രുക്കളെപ്പോലും വെറുക്കുന്നില്ല. പ്രബോധകരുടെ വെറുപ്പ് പ്രബോധിതരുടെ അനാചാരങ്ങളോടും ദുഷ്ടതകളോടും മാത്രമാണ്. പ്രബോധിതരോട് അവർക്ക് എപ്പോഴും സ്നേഹവും കാരുണ്യവുമാണുണ്ടാവുക. അവർ അധർമത്തിലാണ്ട് നരകത്തിൽ പതിക്കുന്നതിൽ ദുഃഖിക്കുകയും ഖേദിക്കുകയും ചെയ്യും. അതുകൊണ്ടാണവർ ഇങ്ങനെ പരിതപിക്കുന്നത്. ഈ ആശയവും കൂടി ഉൾക്കൊള്ളുന്നതാണ് പ്രകൃത വചനമെന്ന് പ്രസ്തുത പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. ●

أَلَمْ يَرَوْا كَمْ أَهْلَكْنَا قَبْلَهُم مِّنَ الْقُرُونِ أَنَّهُمْ إِلَيْهِمْ لَا يَرْجِعُونَ ﴿٣١﴾

31. എത്രയെത്ര പൂര്‍വ സമുദായങ്ങളെയാണ് നാം നശിപ്പിച്ചിട്ടുള്ളതെന്ന് ഇവര്‍ കണ്ടിട്ടില്ലയോ; അവരാരും ഇവരിലേക്ക് മടങ്ങുന്നില്ലെന്നും.

وَإِن كُلٌّ لَّمَّا جَمِيعٌ لَّدَيْنَا مُحْضَرُونَ ﴿٣٢﴾

32. ഇനി തീര്‍ച്ചയായും അവരെല്ലാവരും ഒരു നാള്‍ നമ്മുടെ മുന്നില്‍ ഹാജരാക്കപ്പെടുന്നതാകുന്നു.

**31,32**

أَلَمْ يَرَوْا= ഇവര്‍ കണ്ടിട്ടില്ലയോ كَمْ أَهْلَكْنَا= എത്രയെത്ര നാം നശിപ്പിച്ചിരിക്കുന്നു (പ്പിച്ചിട്ടുള്ളത്)
قَبْلَهُم مِّنَ الْقُرُونِ= അവര്‍ക്കു മുമ്പുള്ള സമുദായങ്ങളില്‍ (പൂര്‍വ സമുദായങ്ങളെയാണ്)
أَنَّهُمْ= അവര്‍ (ആരും) إِلَيْهِمْ لَا يَرْجِعُونَ= ഇവരിലേക്കു മടങ്ങുന്നില്ല (എന്നും)
وَإِن كُلٌّ لَّمَّا جَمِيعٌ= (ഇനി) തീര്‍ച്ചയായും അവരെല്ലാവരും (ഒരു നാള്‍)
لَّدَيْنَا = നമ്മുടെ മുമ്പില്‍ مُحْضَرُونَ= ഹാജരാക്കപ്പെടുന്നവരാകുന്നു

നൂറ്റാണ്ടുകള്‍ക്കും തലമുറകള്‍ക്കും സമുദായങ്ങള്‍ക്കും ഉപയോഗിക്കുന്ന പദമാണ് قرون. ഏകവചനം قرن. ان كلّ لمّا... എന്നതിലെ ان തുടര്‍ന്നുള്ള പദത്തിന്റെ അര്‍ഥത്തെ ഉറപ്പിക്കുന്നതിനു വേണ്ടി ചേര്‍ക്കുന്ന أنّ -യുടെ ലഘുരൂപമാണ്. لما യിലെ ل അതിനെ ബലപ്പെടുത്തുന്നു. ما അധിക ശബ്ദം -زائدة യാണ്. ان നിഷേധാര്‍ഥത്തിലുള്ളതാണെന്നും لما എന്ന വാക്ക് الّا എന്ന അര്‍ഥത്തിലുള്ളതാണെന്നുമാണ് മറ്റൊരു വിശകലനം. ആദ്യത്തെ വിശകലനമനുസരിച്ച് തീര്‍ച്ചയായും അവരൊക്കെയും നമ്മുടെ മുന്നില്‍ ഹാജരാക്കപ്പെടുന്നവരാകുന്നു എന്നാണര്‍ഥം. രണ്ടാമത്തേതനുസരിച്ച് وما كلهم الا محضرون لدينا അവരില്‍ ഓരോരുത്തരും നമ്മുടെ മുന്നില്‍ ഹാജരാക്കപ്പെടാതെയില്ല എന്നും അര്‍ഥമാകുന്നു. രണ്ടര്‍ഥവും ഫലത്തില്‍ ഒന്നു തന്നെയാണ്. أَلَمْ يَرَوْا -അവര്‍ കണ്ടിട്ടില്ലേ, أَهْلَكْنَاهم - നാം അവരെ നശിപ്പിച്ചു എന്നീ വാക്കുകളിലെ 'അവര്‍' സൂക്തത്തിന്റെ അവതരണ പശ്ചാത്തലത്തില്‍ മക്കാ മുശ്‌രിക്കുകളും പൊതുവായ അര്‍ഥത്തില്‍ പ്രവാചകന്മാരെ നിഷേധിക്കുന്ന എല്ലാ ജനങ്ങളുമാകുന്നു.

വചനസാരമിതാണ്: അസത്യത്തിലും അധര്‍മത്തിലും ആണ്ടുപോയ എത്രയോ സമൂഹങ്ങള്‍ സത്യത്തിലേക്കും ധര്‍മത്തിലേക്കും വീണ്ടെടുക്കാന്‍ നിയുക്തരായ പ്രവാചകന്മാരെ ധിക്കരിച്ചതിന്റെ ഫലമായി നശിച്ചുപോയത്, നിരവധി നശീകൃത നാടുകളിലൂടെ സഞ്ചരിക്കുമ്പോള്‍ കാണുന്ന നാശാവശിഷ്ടങ്ങളിലൂടെ ഈയാളുകള്‍ മനസ്സിലാക്കിയിട്ടില്ലേ? അവരാരും വീണ്ടും ഉയിര്‍ത്തെഴുന്നേറ്റു വന്ന് ഇവരോടൊപ്പം വാഴുന്നില്ലല്ലോ. നശിപ്പിക്കപ്പെട്ടവര്‍ എന്നെന്നേക്കുമായി നശിച്ചതുതന്നെ. ഇനിയവര്‍ക്ക് ഈ ലോകത്തേക്ക് ഒരു മടക്കമില്ല. പക്ഷേ, അവരെല്ലാവരും തീര്‍ച്ചയായും ഉയിര്‍ത്തെഴുന്നേറ്റ് അല്ലാഹുവിന്റെ മുന്നില്‍ ഹാജരാക്കപ്പെടുന്ന ഒരു നാള്‍ വരുന്നുണ്ട്. അവിടെയും അവരെ കാത്തിരിക്കുന്നത് കണിശമായ വിചാരണയും ശിക്ഷാവിധിയും തന്നെയാകുന്നു. ഈ നഷ്ടാവശിഷ്ടങ്ങളില്‍നിന്ന് ഒരു പാഠവും പഠിക്കാത്തതു കഷ്ടം തന്നെ! ●

---

وَآيَةٌ لَّهُمُ الْأَرْضُ الْمَيْتَةُ أَحْيَيْنَاهَا وَأَخْرَجْنَا مِنْهَا حَبًّا فَمِنْهُ يَأْكُلُونَ ﴿٣٣﴾

33. നിര്‍ജീവമായ ഭൂമി അവര്‍ക്കൊരു മഹാ ദൃഷ്ടാന്തമാകുന്നു. നാം അതിനെ സജീവമാക്കുകയും അതില്‍ ധാന്യങ്ങളുല്‍പാദിപ്പിക്കുകയും ചെയ്യുന്നു. അതാണല്ലോ അവര്‍ ആഹരിക്കുന്നത്.

وَجَعَلْنَا فِيهَا جَنَّاتٍ مِّن نَّخِيلٍ وَأَعْنَابٍ وَفَجَّرْنَا فِيهَا مِنَ الْعُيُونِ ﴿٣٤﴾

34. നാം അതില്‍ ഈത്തപ്പനയുടെയും മുന്തിരിയുടെയും തോട്ടങ്ങളുണ്ടാക്കി. ഉറവകള്‍ ഒഴുക്കുകയും ചെയ്തു.

لِيَأْكُلُوا مِن ثَمَرِهِ وَمَا عَمِلَتْهُ أَيْدِيهِمْ ۖ أَفَلَا يَشْكُرُونَ ﴿٣٥﴾

35. അവന്റെ ഫലങ്ങള്‍ അവര്‍ ഭുജിക്കാന്‍; അതൊന്നും അവരുടെ കരങ്ങള്‍ പ്രവര്‍ത്തിച്ചുണ്ടാക്കിയിട്ടുള്ളതല്ലല്ലോ. എന്നിട്ടും അവര്‍ നന്ദിയുള്ളവരാവാത്തതെന്തുകൊണ്ട്?

**33-35**

وَآيَةٌ لَّهُمُ= അവർക്ക് ഒരു (മഹാ) ദൃഷ്ടാന്തമാകുന്നു الْأَرْضُ الْمَيْتَةُ = ശവം (നിർജീവം) ആയ ഭൂമി

أَحْيَيْنَاهَا = നാം അതിനെ ജീവിപ്പിച്ചു (സജീവമാക്കുകയും)

وَأَخْرَجْنَا مِنْهَا = (ദിപ്പിക്കുകയും ചെയ്യുന്നു) അതിൽനിന്ന് ഉൽപാദിപ്പിച്ചു حَبًّا= ധാന്യം(ങ്ങൾ)

فَمِنْهُ= (അതാണല്ലോ) അതിൽനിന്ന് يَأْكُلُونَ= (ത്) അവർ ആഹരിക്കുന്ന(ത്)

وَجَعَلْنَا فِيهَا= നാം അതിൽ ആ(ഉണ്ടാ)ക്കി جَنَّاتٍ = തോട്ടങ്ങൾ

مِّن نَّخِيلٍ وَأَعْنَابٍ = (യുടെയും) ഈത്തപ്പനയാലും(യുടെയും) മുന്തിരിയാലും(യുടെയും)

وَفَجَّرْنَا فِيهَا= (ക്കുകയും ചെയ്തു) നാം അതിൽ ഒഴുക്കി(ക്കുകയും ചെയ്തു) مِنَ الْعُيُونِ = ഉറവകൾ, നദികൾ

لِيَأْكُلُوا= അവർ ഭുജിക്കാൻ مِن ثَمَرِهِ= അവന്റെ ഫല(ം)ത്തിൽനിന്ന്

وَمَا عَمِلَتْهُ أَيْدِيهِمْ = അവരുടെ കരങ്ങൾ പ്രവർത്തിച്ചു (ഒന്നും) അത് (ഉണ്ടാക്കിയതല്ലല്ലോ) അവരുടെ കരങ്ങൾ അതിനെ പ്രവർത്തിച്ചിട്ടില്ല,

أَفَلَا يَشْكُرُونَ = (എന്നിട്ടും) അവർ നന്ദിയുള്ളവരാവാത്തതെന്തുകൊണ്ട്?

പ്രവാചക സന്ദേശം സത്യമാണെന്നും അത് തള്ളിക്കളയുന്നതിന്റെ അനന്തരഫലം എന്തായിരിക്കുമെന്നും ഒരു പൂർവ ചരിത്രത്തെ ഉദാഹരിച്ചുകൊണ്ട് ഉദ്ബോധിപ്പിക്കുകയായിരുന്നു മുൻ സൂക്തങ്ങൾ. ഇനി ഓരോ മനുഷ്യനും അനുനിമിഷം അനുഭവിച്ചുകൊണ്ടിരിക്കുന്ന ചില പ്രത്യക്ഷ ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. ഈ പ്രപഞ്ചത്തിന് ഒരു വിധാതാവുണ്ടെന്നും സർവജ്ഞനും സർവശക്തനും സൃഷ്ടിസ്ഥിതി സംഹാരങ്ങൾക്കുടയവനും അവൻ മാത്രമാകുന്നു. അവനിൽ വിശ്വസിച്ചും അവന്റെ ശാസനകൾ പാലിച്ചും ജീവിക്കുകയാണ് സൃഷ്ടിധർമം. മരിച്ചുപോയവർ മരണാനന്തരം സ്രഷ്ടാവിനു മുന്നിൽ ഉയിർത്തെഴുന്നേൽപിക്കപ്പെടും. അപ്പോൾ ഓരോ വ്യക്തിയും തന്റെ ഭൗതിക ജീവിതത്തിൽ ചെയ്ത കർമങ്ങളുടെയും അതുണ്ടാക്കിയ പ്രതികരണങ്ങളുടെയും പേരിൽ ചോദ്യം ചെയ്യപ്പെടുകയും രക്ഷാശിക്ഷകൾ വിധിക്കുകയും ചെയ്യും. ഇതാണല്ലോ പ്രവാചക സന്ദേശത്തിന്റെ സാരം. പ്രവാചകന്മാരുടെ സത്യസന്ധതയും സാന്മാർഗിക ജീവിതവും തന്നെ അവരുടെ പ്രബോധനം സത്യമാണെന്നതിന് തെളിവാകുന്നു. പക്ഷേ, അധികമാളുകളും ആ തെളിവുകൊണ്ട് തൃപ്തിപ്പെടുകയില്ല. അവർ വേറെ ദൃഷ്ടാന്തങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കും. മലക്കുകളെ തങ്ങളുടെ അകമ്പടിക്കാരാക്കുക, ഉടലോടെ വാനലോകത്തേക്ക് കയറിപ്പോവുക, അവിടെനിന്ന് വേദഗ്രന്ഥങ്ങളും കൊണ്ട് ഇറങ്ങിവരിക, മരുഭൂമിയിൽ മലർവാടിയുണ്ടാക്കുക, ഞൊടിയിട കൊണ്ട് കനകക്കൊട്ടാരങ്ങൾ നിർമിക്കുക എന്നിങ്ങനെ. എങ്കിലേ അവരുടെ സന്ദേശം ദൈവികമാണെന്ന് വിശ്വസിക്കാനൊക്കൂ.

ആളുകൾ ദിവ്യാത്ഭുതങ്ങൾ കാണണമെന്നാവശ്യപ്പെടുന്നതിന്റെ കാരണങ്ങൾ പലതാണ്. ചിലർ പ്രവാചകന്റെ ദിവ്യാത്ഭുത പ്രകടനം അദ്ദേഹം സത്യപ്രവാചകനാണെന്നതിന്റെ തെളിവായി കരുതുന്നു. ചിലർ പ്രവാചകനിലുള്ള വിശ്വാസം ദൃഢീകരിക്കുന്നതിനു വേണ്ടി അദ്ദേഹത്തോട് ദിവ്യാത്ഭുതം തേടുന്നു. മാനത്തുനിന്ന് ഭക്ഷണത്തളിക ഇറക്കാൻ ഹവാരികൾ ഈസാ(അ)യോട് അപേക്ഷിച്ചത് ഉദാഹരണം. ചിലർ പ്രവാചകന്മാർക്ക് ദിവ്യാത്ഭുതം പ്രത്യക്ഷപ്പെടുത്താൻ കഴിയില്ല എന്ന് കരുതി അതവരെ തള്ളിക്കളയാനുള്ള ന്യായമായി ദിവ്യാത്ഭുതം തേടുന്നു. ദിവ്യാത്ഭുതത്തിനു വേണ്ടി മുറവിളി കൂട്ടുന്നവരിലേറെയും ഇത്തരക്കാരാണ്. പ്രവാചകൻ പ്രത്യക്ഷപ്പെടുത്തിയ ദിവ്യാത്ഭുതം കണ്ട് ഏതെങ്കിലും സമൂഹം അല്ലെങ്കിൽ സമൂഹത്തിന്റെ ഭൂരിപക്ഷം മാനസാന്തരപ്പെട്ടതായി ചരിത്രമില്ല. ദിവ്യാത്ഭുതങ്ങൾ കണ്ടിട്ടും പ്രവാചക നിഷേധത്തിൽ ശഠിച്ചുനിന്നതിനാൽ സമുദായങ്ങൾ നശിപ്പിക്കപ്പെട്ട ചരിത്രം ഏറെയുണ്ട് താനും. അത്ഭുതങ്ങൾ കാട്ടി അമ്പരപ്പിച്ച് ആളുകളെ വശീകരിക്കുകയായിരുന്നില്ല പ്രവാചകന്മാരുടെ ദൗത്യം. ഈമാൻ മനസ്സിന്റെ വെളിച്ചമാണ്. അമ്പരപ്പ് ഇരുട്ടും. നിഷേധികൾക്കെതിരെയുള്ള ന്യായപൂർത്തീകരണത്തിന്റെ ഭാഗമായിട്ടാണ് ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്താറുള്ളത്. ചിലപ്പോഴത് നിഷേധികളുടെ നാശത്തിന്റെ മുന്നോടിയുമായിരിക്കും. ഉദാ: സ്വാലിഹ് നബി പ്രത്യക്ഷപ്പെടുത്തിയ ഒട്ടകം.

പ്രകൃതി നിയമത്തിനതീതമായ രീതിയിൽ ഉളവാകുന്ന പ്രതിഭാസങ്ങളാണ് ദിവ്യാത്ഭുതം, അമാനുഷിക ദൃഷ്ടാന്തം, മുഅ്ജിസത്ത് എന്നൊക്കെ അറിയപ്പെടുന്നത്. അത് ഉളവാക്കിയവർ പറയുന്നതെന്തോ അത് വിശ്വസിക്കാൻ കാഴ്ചക്കാർ നിർബന്ധിതരാകുന്നു. ചില ആളുകൾ അവതരിപ്പിക്കുന്ന അത്ഭുതങ്ങളുടെ കാരണങ്ങൾ സാധാരണക്കാർക്ക് പിടികിട്ടുകയില്ല. അത്തരം പ്രകടനങ്ങൾ ജാലവിദ്യ, കൺകെട്ട്, മന്ത്രവാദം എന്നൊക്കെ വിളിക്കപ്പെടുന്നു. ദിവ്യാത്ഭുതവും മാന്ത്രിക പ്രകടനവും തമ്മിലുള്ള വ്യത്യാസം ഇതാണ്: പ്രകൃതി നിയമങ്ങൾക്കതീതമായി അല്ലാഹു നേരിട്ടുളവാക്കുന്നതാണ് ദിവ്യാത്ഭുതം. സാമാന്യ ജനത്തിന് അജ്ഞാതമായ പ്രകൃതി നിയമങ്ങൾക്ക് വിധേയമായി മനുഷ്യർ നടത്തുന്ന പ്രകടനമാണ് മാന്ത്രിക വിദ്യ. ഫറവോൻ വിളിച്ചുകൂട്ടിയ മന്ത്രവാദികൾ വടികളും കയറുകളും നിലത്തിട്ടപ്പോൾ സർപ്പങ്ങളെപ്പോലെ പുളയുന്നതായി മൂസാ നബിക്ക് പോലും തോന്നി. فَإِذَا حِبَالُهُمْ وَعِصِيُّهُمْ يُخَيَّلُ إِلَيْهِ مِن سِحْرِهِمْ أَنَّهَا تَسْعَىٰ (ആ

കയറുകളും വടികളും സർപ്പങ്ങളായി പുളയുന്നുവെന്ന് അവരുടെ വശീകരണ വിദ്യയാൽ അദ്ദേഹത്തിനു തോന്നി- 20:66). യഥാർഥത്തിൽ കയറുകൾക്കും വടികൾക്കും മാറ്റമൊന്നും വന്നിട്ടില്ല. പാമ്പിനെപ്പോലെ പുളയുന്നത് പ്രേക്ഷകർക്കുണ്ടായ തോന്നൽ മാത്രമാണ്. വശീകരണ തന്ത്രത്തിന്റെ നിർമിതി മാത്രമാണത്- إِنَّمَا صَنَعُوا كَيْدُ سَاحِرٍ (20:69). മൂസാ (അ) തന്റെ വടി നിലത്തിട്ടപ്പോൾ അത് ശരിക്കും ജീവനുള്ള സർപ്പമായി മാറുക തന്നെ ചെയ്തു. മന്ത്രവാദികളുടെ തട്ടിപ്പു പാമ്പുകളെ യഥാർഥ സർപ്പം വിഴുങ്ങിക്കളയുകയും ചെയ്തു- وَأَوْحَيْنَا إِلَىٰ مُوسَىٰ أَنْ أَلْقِ عَصَاكَ فَإِذَا هِيَ تَلْقَفُ مَا يَأْفِكُونَ ﴿١١٧﴾ - (അതതാ അവർ ചമച്ച കൃത്രിമങ്ങളെയെല്ലാം വിഴുങ്ങിക്കളയുന്നു- 7:117). വടി അല്ലാഹുവിന്റെ നേരിട്ടുള്ള ഇടപെടലിലൂടെ പ്രകൃത്യാതീതമായ മാർഗത്തിൽ യഥാർഥ പാമ്പായിത്തീരുകയായിരുന്നു. ജാലവിദ്യയും മുഅ്ജിസത്തും തമ്മിലുള്ള സൂക്ഷ്മമായ ഈ അന്തരം അധികമാളുകൾ മനസ്സിലാക്കുന്നില്ല. അത് അമാനുഷിക ദൃഷ്ടാന്തങ്ങളെ ജാലവിദ്യയെന്ന മുദ്രയടിക്കാൻ നിഷേധികൾക്ക് സഹായകമാകുന്നു. ഫറവോന്റെ കാര്യത്തിൽ അതാണല്ലോ സംഭവിച്ചത്. ജാലവിദ്യകളെ അമാനുഷ സിദ്ധികളായി അവതരിപ്പിച്ച് പാമര ജനങ്ങൾക്കിടയിൽ ആൾദൈവങ്ങളായി വിലസാൻ തട്ടിപ്പുകാർക്കും അതവസരം നൽകുന്നു. ഇത് ഇക്കാലത്തും നിർബാധം നടക്കുന്നുണ്ട്. ബുദ്ധിപൂർവം പരിശോധിച്ചു നോക്കിയാൽ അവരുടെ കള്ളി പൊളിയും. അത്ഭുത സിദ്ധികളുടെ ബലത്തിൽ ദൈവം ചമയുന്നവർ അവരെ പരീക്ഷിക്കാൻ മുതിരുന്നവരുടെ മുന്നിൽനിന്ന് ഓടിയൊളിക്കുന്നത് അതുകൊണ്ടാണ്.

പ്രവാചകന്മാരും വേദങ്ങളും സംവദിക്കുന്നത് മനുഷ്യന്റെ ബുദ്ധിയോടും ചിന്തയോടുമാണ്. ബുദ്ധിയും ചിന്തയും ഉപയോഗിച്ച് മനുഷ്യൻ സത്യവും ധർമവും വിശ്വസിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. പ്രവാചകന്മാർ പ്രത്യക്ഷപ്പെടുത്തുന്ന ദിവ്യാത്ഭുതങ്ങൾ അവരുടെ മുന്നിലുള്ളവർ മാത്രമേ കാണുന്നുള്ളൂ. ദൂരത്തുള്ളവർക്കും പിൽക്കാലക്കാർക്കും അത് കേവലം കഥകളാകുന്നു. എക്കാലത്തുമുള്ള ജനങ്ങൾക്ക് നേരിട്ടനുഭവിക്കാവുന്നതും മനുഷ്യന്റെ ബുദ്ധിയെയും ചിന്തയെയും തട്ടിയുണർത്തുന്നതുമായ ദിവ്യാത്ഭുതങ്ങളും ദൃഷ്ടാന്തങ്ങളുമാണ് ഖുർആനും മുഹമ്മദ് നബി(സ)യും സമർപ്പിക്കുന്നത്. വിശുദ്ധ ഖുർആനാണ് മുഹമ്മദ് നബി(സ) അവതരിപ്പിച്ച ഏക ദിവ്യാത്ഭുതം. അന്ന് മുതലിന്നുവരെ അത് അന്വേഷകരുടെ മുന്നിലുണ്ട്. അല്ലാഹുവിന്റെ അസ്തിത്വത്തെയും ഏകത്വത്തെയും കഴിവുകളെയും വിളിച്ചോതുന്നതായി ഖുർആൻ ആവർത്തിച്ചാവർത്തിച്ചും ഊന്നിയൂന്നിയും ചൂണ്ടിക്കാണിക്കുന്നത് മുഖ്യമായും പ്രാപഞ്ചിക പ്രതിഭാസങ്ങളാണ്. ആകാശം, ഭൂമി, രാപ്പകലുകൾ, സസ്യലതാദികൾ, ജീവജാലങ്ങൾ, ജനിമൃതികൾ, ജീവിത ക്രമങ്ങൾ എല്ലാം ബുദ്ധിയുപയോഗിച്ച് ചിന്തിക്കുന്നവർക്ക് അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തിന്റെയും സൃഷ്ടികളോടുള്ള കാരുണ്യത്തിന്റെയും അനിഷേധ്യ ദൃഷ്ടാന്തങ്ങളാകുന്നു. പ്രാപഞ്ചിക പ്രതിഭാസങ്ങൾ അനുഭവിച്ചും ആസ്വദിച്ചുമാണ് ഓരോ മനുഷ്യനും ജീവിക്കുന്നത്. പക്ഷേ നിത്യപരിചയത്താൽ അവയെ കുറിച്ചൊന്നും ആലോചിക്കാനും അവയുൾക്കൊള്ളുന്ന യാഥാർഥ്യങ്ങൾ മനസ്സിലാക്കാനും അവൻ മിനക്കെടുന്നില്ല. സൂറാരംഭത്തിൽ സൂചിപ്പിച്ച, അന്ധവിശ്വാസത്തിന്റെയും പിതൃപൂജയുടെയും അഹന്തയുടെയും ഗർവിന്റെയുമൊക്കെ ചങ്ങലകൾ കഴുത്തിൽ മുറുക്കിക്കിടക്കുന്നതിനാൽ തല പൊക്കി മാത്രം നിൽക്കുന്നവർക്ക് ഈ ദൃഷ്ടാന്തങ്ങളിലേക്കൊന്നും തിരിഞ്ഞുനോക്കാനോ അതിലടങ്ങിയ പൊരുളുകൾ കാണാനോ സാധിക്കുന്നില്ല. ''എന്നാൽ സദ്ബുദ്ധിയുള്ളവർ നിന്നും ഇരുന്നും കിടന്നും അല്ലാഹുവിനെ സ്മരിക്കുകയും ആകാശഭൂമികളിൽ വിളങ്ങുന്ന സൃഷ്ടിവൈഭവത്തെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നവരാകുന്നു. നാഥാ, ഇതൊക്കെയും നീ വ്യർഥമായി സൃഷ്ടിച്ചിട്ടുള്ളതല്ല. നിന്റെ വിശുദ്ധി പാഴ്വേലകൾക്കതീതമാകുന്നു. ഞങ്ങളെ നരകശിക്ഷയിൽ നിന്ന് കാക്കേണമേ എന്ന് അവരുടെ മനസ്സ് മന്ത്രിച്ചുകൊണ്ടിരിക്കും'' (3:191).

ആദ്യം പരാമർശിക്കുന്ന ദൃഷ്ടാന്തം ഭൂമിയാണ്. മനുഷ്യൻ വാഴുന്നത് ഭൂമിയിലാണ്. ഭൗമിക വിഭവങ്ങൾ കൊണ്ടാണ് അവർ നിലനിൽക്കുന്നത്. വരണ്ടുണങ്ങി നിർജീവമായി കിടന്ന ഭൂമി മഴ പെയ്യുമ്പോൾ സജീവമായി, സസ്യലതാദികളാൽ ശാദ്വലമാകുന്നതിനെ ഉയിർത്തെഴുന്നേൽപിന്റെയും ദൈവത്തിന്റെ ഏകത്വത്തിന്റെയും ഉപരിലോകത്തു നിന്ന് സന്മാർഗദർശനം അവതരിക്കുന്നതിന്റെയും അടയാളമായി മുൻ സൂറകളിൽ വിശദീകരിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ പരിപാലകത്വത്തിന്റെയും രക്ഷാകർതൃത്വത്തിന്റെയും വശങ്ങൾ പ്രത്യേകം എടുത്തുകാണിക്കുകയാണിവിടെ. തുടർന്ന് അല്ലാഹുവിനോട് നന്ദിയും കൂറുമുള്ളവരായിരിക്കാൻ അടിമകളിൽ വന്നുചേരുന്ന നിർബന്ധ ബാധ്യത ഓർമിപ്പിക്കുന്നു. അല്ലാഹുവിനോടുള്ള നന്ദിയുടെ അനിവാര്യതാൽപര്യമാണ് മനുഷ്യർ അവന്റെ മാത്രം അടിമകളായിരിക്കുക എന്നത്. എന്തുകൊണ്ടെന്നാൽ മനുഷ്യൻ അനുഭവിക്കുന്ന അനുഗ്രഹങ്ങളിലൊന്നു പോലും അല്ലാഹുവല്ലാത്തവരിൽനിന്നുള്ളതല്ല. അല്ലാഹുവല്ലാതെ മറ്റാരുമല്ല അവനെ സൃഷ്ടിച്ചത്. മനുഷ്യൻ സ്വന്തം ഇഷ്ടപ്രകാരം സ്വയം സൃഷ്ടിക്കപ്പെടുന്നവനുമല്ല.

وَآيَةٌ എന്ന പദം സാമാന്യനാമം (نكرة) ആയി പറഞ്ഞത് വലിയൊരു ദൃഷ്ടാന്തം, മഹാ ദൃഷ്ടാന്തം എന്ന അർഥത്തെ ധ്വനിപ്പിക്കുന്നു. സാരമിതാണ്: അല്ലാഹുവിന്റെ അസ്തിത്വത്തിനും കഴിവുകൾക്കും ദൃഷ്ടാന്തം വേണമെന്നുള്ളവർ അതു തേടി ദൂരെയെങ്ങും പോകേണ്ടതില്ല. അത് അവർക്കു ചുറ്റും ധാരാളമുണ്ട്. അവരുടെ കാൽക്കീഴിലുള്ള മണ്ണുതന്നെ ഒരു മഹാ ദൃഷ്ടാന്തമാകുന്നു. നിർജീവമായി വരണ്ടു കിടക്കുന്ന മണ്ണിലേക്ക് അല്ലാഹു മഴ പെയ്തിറക്കുന്നു. എന്നിട്ടതിൽ ധാന്യം വിളയിക്കുന്നു. അതാണല്ലോ മനുഷ്യർ ആഹരിക്കുന്നത്. പൊതുവിൽ മനുഷ്യരുടെ മുഖ്യാഹാരം ധാന്യങ്ങളായതുകൊണ്ടാണ് അതിനെ ആദ്യം പരാമർശിച്ചത്. ആഹരിക്കാൻ ധാന്യങ്ങൾക്കു പുറമെ ഈത്തപ്പഴം, മുന്തിരി തുടങ്ങിയ പലതരം പഴത്തോട്ടങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നു. نخيل ഈത്തപ്പഴ വൃക്ഷവും اعناب മുന്തിരിപ്പഴങ്ങളുമാണ്. ഈത്തപ്പഴത്തിന് رطب-تمر എന്നീ പദങ്ങളാണുപയോഗിക്കുക. ഇവിടെ ഈത്തപ്പഴത്തിന്റെ സ്ഥാനത്ത് ഈത്തപ്പനയെ പറഞ്ഞതിനെ പണ്ഡിതന്മാർ ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു: ഈത്തപ്പന കൊണ്ട് ഈത്തപ്പഴം ഉൽപാദിപ്പിക്കുക എന്ന ഉപകാരം മാത്രമല്ല ഉള്ളത്. നമ്മുടെ കേരവൃക്ഷം പോലെ, ഈ വൃക്ഷത്തിന്റെ മുരടു മുതൽ ഓലത്തുമ്പു വരെയുള്ള എല്ലാ ഘടകങ്ങൾ കൊണ്ടും വലിയ പ്രയോജനങ്ങളുണ്ട്. മുന്തിരിപ്പഴം ഉൽപാ

ദിപ്പിക്കുകയല്ലാതെ മുന്തിരി വള്ളി കൊണ്ട് കാര്യമായ മറ്റു പയോഗങ്ങളില്ല. അതുകൊണ്ടാണ് ഈത്തപ്പഴ വൃക്ഷത്തെ- نخيل പരാമർശിച്ചപ്പോൾ മുന്തിരിപ്പഴത്തെ- اعناب പറഞ്ഞത്. ഈ ഫലത്തോട്ടങ്ങൾ ഫലപുഷ്ടമായി നിലനിൽക്കുന്നതിന് ജലസേചനാർഥം ഭൂമിയിൽ ആറുകളൊഴുക്കുകയും ചെയ്തിരിക്കുന്നു. പ്രത്യക്ഷമായ നദികൾക്കപ്പുറം ഭൂമിക്കടിയിലുള്ള അദൃശ്യമായ ഉറവകളെ കൂടി ഉൾക്കൊള്ളുന്നതാണ് عُيُونِ . അല്ലാഹുവിന്റെ പരിപാലനത്തിന്റെ പ്രാധാന്യവും വൈപുല്യവും വ്യക്തമാക്കുന്നതാണ് لِيَأْكُلُوا.........أَفَلَا يَشْكُرُونَ എന്ന വാക്യം. അതായത് ഈ ഏർപ്പാടുകളെല്ലാം അവൻ ചെയ്തത് സൃഷ്ടികൾ എപ്പോഴും തന്റെ അനുഗ്രഹങ്ങളാൽ പരിസേവിതരാകാനും ഇതൊന്നും തങ്ങളുടെ നിർമിതികളല്ല, എല്ലാം കരുണാമയനും അത്യുദാരനുമായ വിധാതാവിന്റെ ഔദാര്യമാണെന്ന് ഓർക്കാനും വേണ്ടിയാണ്. അവനല്ലാതെ മനുഷ്യന്റെ നന്ദിയും ആരാധനയുമർഹിക്കുന്ന മറ്റൊരസ്തിത്വവുമില്ല. പക്ഷേ, ഈ അനുഗ്രഹങ്ങളെല്ലാം ആവോളം ആസ്വദിക്കുകയും അത് നൽകിയ അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കാനുപദേശിക്കുമ്പോൾ അഹങ്കാരപൂർവം ദൃഷ്ടാന്തങ്ങളാവശ്യപ്പെടുകയുമാണ് പലരും.

ഇവിടെ مِن ثَمَرِهِ എന്നതിലെ ه എന്ന സർവനാമം സൂചിപ്പിക്കുന്നതെന്തിനെയാണെന്ന കാര്യത്തിൽ വ്യാഖ്യാതാക്കൾക്ക് വ്യത്യസ്തമായ അഭിപ്രായങ്ങളാണുള്ളത്. അധികമാളുകളും ه സൂചിപ്പിക്കുന്നത് അല്ലാഹുവിനെയാകുന്നു എന്ന അഭിപ്രായക്കാരാണ്. 'അവർ അല്ലാഹു ഉൽപാദിപ്പിച്ചുതന്ന ഫലം ഭുജിക്കാൻ' എന്നാണ് താൽപര്യം. അതിനോട് വിയോജിക്കുന്നവർ പറയുന്നു: അതാണ് താൽപര്യമെങ്കിൽ പറയുക من ثمرنا -നമ്മുടെ ഫലത്തിൽനിന്ന്- എന്നാണ്. മുമ്പും പിമ്പുമുള്ള വചനങ്ങളിൽ احيينا-جعلنا-فجرنا എന്നിങ്ങനെ അല്ലാഹുവിനെ ബഹുവചന സർവ നാമത്തിലാണ് പറഞ്ഞിരിക്കുന്നത്. എന്നിരിക്കെ ഇവിടെ മാത്രം ഏകവചനത്തിൽ പറയാൻ ന്യായമില്ല. ഇവിടെ ഉദ്ദേശ്യം മുകളിൽ പരാമർശിച്ച ഭൂമി (أَرْض) ആവാനേ തരമുള്ളൂ. അപ്പോൾ ഒരു പ്രശ്നമുണ്ട്. ه പുല്ലിംഗമാണ്. അറബിഭാഷയിൽ ഭൂമി സ്ത്രീലിംഗപദമാണ്. അതിനെ സൂചിപ്പിക്കുന്ന സർവനാമം ه എന്നല്ല ها എന്നാണ് വരേണ്ടത്. ഈ വിമർശനത്തെ അവർ പ്രതിരോധിക്കുന്നതിങ്ങനെ: ഭാഷയിൽ ചിലപ്പോൾ പദത്തിന്റെ ബാഹ്യരൂപം അവഗണിച്ചും ആശയം പരിഗണിച്ചും സർവനാമം ഉപയോഗിക്കും. ഇവിടെ أَرْض കൊണ്ട് ഉദ്ദേശ്യം വളക്കൂറുള്ള മണ്ണാണ്. *അൽഅഅ്റാഫ്* 56-ാം സൂക്തത്തിൽ അതിനെ ഇങ്ങനെ പരാമർശിച്ചിരിക്കുന്നു: وَالْبَلَدُ الطَّيِّبُ يَخْرُجُ نَبَاتُهُ بِإِذْنِ رَبِّهِ ۖ وَالَّذِي خَبُثَ لَا يَخْرُجُ إِلَّا نَكِدًا (നല്ല ഭൂമി അവന്റെ ഹിതത്താൽ സൽഫലങ്ങൾ വിളയിക്കുന്നു. കെട്ട ഭൂമിയോ ക്ഷുദ്ര ഫലങ്ങളേ വിളയിക്കൂ). ഈ ആശയം പരിഗണിച്ചാണ് പ്രകൃത സൂക്തത്തിൽ ഭൂമിയെ പുല്ലിംഗ സർവ നാമത്തിൽ പരാമർശിച്ചിരിക്കുന്നത്.

وَمَا عَمِلَتْهُ أَيْدِيهِمْ ۖ എന്ന വാക്കിന് വ്യത്യസ്തമായ രണ്ടർഥങ്ങൾ നൽകപ്പെട്ടിരിക്കുന്നു. ما -യെ നിഷേധ ശബ്ദമായി കൽപിച്ചുകൊണ്ടുള്ളതാണ് ഒരർഥം. ഈ വിഭവങ്ങളൊന്നും അവരുടെ കൈകൾ സൃഷ്ടിച്ചതല്ലല്ലോ എന്നു സാരം. ما യെ സംബന്ധികാ സ്വരമായി കൽപിക്കുന്നതാണ് രണ്ടാമത്തേത്. അപ്പോൾ പഴങ്ങളും പിന്നെ അവരുടെ കരങ്ങൾ പണിതുണ്ടാക്കിയതും എന്നാണർഥം. വാക്യഘടന രണ്ട് കൽപനയെയും സാധൂകരിക്കുമെങ്കിലും ആദ്യം പറഞ്ഞ അർഥമാണ് കൂടുതൽ സന്ദർഭോചിതം. വെള്ളം, മണ്ണ്, വളക്കൂറ്, വിത്ത് തുടങ്ങിയവക്കൊന്നും ജീവനില്ല. നിർജീവമായ ഈ പദാർഥങ്ങളിൽനിന്ന് സസ്യലതാദികൾ സജീവമായി മുളച്ചു വളർന്ന് ഉൽപന്നങ്ങൾ വിളയിക്കുന്നത് മനുഷ്യന്റെ പ്രവൃത്തിയുടെയോ കഴിവിന്റെയോ ഫലമല്ല. വളക്കൂറുള്ള മണ്ണൊരുക്കിയതും അതിൽ നനവോടിച്ചതും വിത്തുകൾ നൽകിയതും അതു വളരാനും വിളയാനും പാകമായ കാലാവസ്ഥ സംവിധാനിച്ചതുമെല്ലാം അല്ലാഹുവാണ്. അല്ലാഹു നൽകിയ ഈ ഘടകങ്ങളും പ്രകൃതിയും ഉപയോഗിക്കുക മാത്രമാണ് മനുഷ്യൻ ചെയ്യുന്നത്. രണ്ടാമത്തെ അർഥമനുസരിച്ച് താൽപര്യമിതാണ്: ഭൂമിയിൽ പ്രകൃത്യാ മുളച്ചുവളരുന്ന വിളകൾക്ക് പുറമെ, മനുഷ്യൻ സ്വകരങ്ങൾ കൊണ്ട് അധ്വാനിച്ചുണ്ടാക്കിയ വിളകളും മനുഷ്യൻ ആഹരിക്കുന്നു. ധാന്യങ്ങൾ ഉമി കളഞ്ഞു ചോറാക്കിയും പൊടിച്ചു കുഴച്ച് അപ്പവും മറ്റു പലവിധ പലഹാരങ്ങളുമാക്കിയും വേവിച്ചു തിന്നുന്നു. പഴങ്ങൾ പിഴിഞ്ഞെടുത്ത് പാനീയങ്ങളാക്കി കുടിക്കുന്നു. ഉണക്കി സൂക്ഷിച്ചും ഉപയോഗിക്കുന്നു. അതുപോലെ ധാന്യങ്ങളും ഈത്തപ്പഴവും മുന്തിരിയുമല്ലാത്ത നിരവധി വിളവുകളും മനുഷ്യർ കൃഷി ചെയ്തുണ്ടാക്കുന്നുണ്ട്. മണ്ണ്, വായു, വെള്ളം തുടങ്ങിയ നിർജീവ പദാർഥങ്ങളെ സസ്യലതാദി അചേതന ജൈവ പദാർഥങ്ങളുടെ നിലനിൽപിനാധാരമായും അവ രണ്ടിനെയും ജന്തുജാലങ്ങളുടെ നിലനിൽപിനാധാരമായും ഈ മൂന്നു പ്രതിഭാസങ്ങളെയും ജീവനും ബോധവുമുള്ള മനുഷ്യന്റെ നിലനിൽപിനാധാരമായും സജ്ജീകരിച്ചിരിക്കുന്നു. സൃഷ്ടികൾ തമ്മിലുള്ള പരസ്പരപൂരകമായ ഈ ബന്ധം വിളിച്ചോതുന്നത് അവയുടെ അസ്തിത്വത്തിനു പിന്നിൽ ഒരു വിധാതാവുണ്ടെന്നു മാത്രമല്ല, ആ വിധാതാവ് തികഞ്ഞ ആസൂത്രകനും യുക്തിജ്ഞനും സൃഷ്ടികളോട് അദമ്യമായ കാരുണ്യമുള്ളവനുമാകുന്നു എന്നുകൂടിയാണ്. ഈ യാഥാർഥ്യമുൾക്കൊള്ളുന്ന മനുഷ്യനിൽ സ്രഷ്ടാവിനോട് നന്ദിയുടെയും കൂറിന്റെയും വിധേയത്വത്തിന്റെയും വികാരമുണരുന്നു. ഈ വികാരമാണ് ദീനിന്റെ അടിത്തറ. ഈ യാഥാർഥ്യം ഉൾക്കൊള്ളാത്തവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വന്തം കഴിവിന്റെയും യോഗ്യതയുടെയും ഫലമായി മാത്രം കാണുന്നു. അവൻ ദൈവത്തിന്റെ നന്ദിയുള്ള അടിമയാകുന്നതിനു പകരം അഹങ്കാരിയും ധിക്കാരിയുമായിത്തീരുകയാണതിന്റെ ഫലം. ഈ അഹങ്കാരവും ധിക്കാരവുമാണ് ദൈവനിഷേധത്തിന്റെയും തനിക്കു തോന്നുന്നവരെ ദൈവമാക്കുന്ന ശിർക്കിന്റെയും മറ്റു അധർമങ്ങളുടെയും ഉറവിടം. ●